**ഹയർസെക്കന്ററി ഡയറക്ടറുടെകാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്**
**ശാന്തിനഗർ,തിരുവനന്തപുരം**

**എസി.ഡി എസ്.പി.സി (2)/56617/2012** **തീയതി: 17/08/2013**

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസം-പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീം ***(PEECS )***ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുന്നത്-സംബന്ധിച്ച്.

പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീമിന്റെ (PEECS) ഭാഗമായ **പ്ലസ്സ് വൺ വിദ്യാർത്ഥികളുടെ** പരിശീലന ക്ലാസ്സുകൾ 2013 ആഗസ്റ്റ് 19 തിങ്കളാഴ്ച മുതൽ വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ആരംഭിക്കുന്നു.

സംസ്ഥാനത്തെ സാധാരണക്കാരായ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കുന്നതിനു വേണ്ടി സൗജന്യ വിദഗ്ധ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പബ്ലിക് എൻട്രൻസ് എക്സാമിനേഷൻ കോച്ചിംഗ് സ്കീം എന്ന പദ്ധതി. അതിനാൽ തന്നെ വിദ്യാർത്ഥികൾക്ക് പ്രസ്തുത പരിശീലന പദ്ധതിയെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും ഗുണഭോക്താക്കൾ ആക്കുന്നതിനും എല്ലാ പ്രിൻസിപ്പൽമാരും അധ്യാപകരും അതീവ ശ്രദ്ധ പുലർത്തണമെന്നറിയിക്കുന്നു.

പാവപ്പെട്ട കുടുംബങ്ങളിലെ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് പണച്ചെലവില്ലാതെ അവരുടെ അഭിരുചിക്കുതകുന്ന കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും അതിലൂടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാ ഗവൺമെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെയും അധ്യാപകരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

ഈ പദ്ധതിയിൽ അംഗത്വമെടുക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക പ്രത്യേക രജിസ്റ്ററായി സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

(ഒപ്പ്)
**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**